# രിയാദുസ്സ്വാലിഹീൻ (സുകൃതരുടെ പൂങ്കാവനം)




**ഏകദേശം** 2000 ഹദീസുകൾ ഉൾക്കൊള്ളുന്ന ഹദീസ് സമാഹാരഗ്രന്ഥം. വിഷയക്രമത്തിലാണ് ഹദീസുകൾ ക്രോഡീകരിച്ചിരിക്കുന്നത്. ഓരോ അധ്യായത്തിലും വിഷയവുമായി ബന്ധപ്പെട്ട ഖുർആനിക സൂക്തങ്ങൾ തുടക്കത്തിൽ കാണാം. ചില സ്ഥലങ്ങളിൽ ഹദീസ് പദങ്ങൾക്ക് അർഥവും വിശദീകരണവും നൽകിയിരിക്കുന്നു. ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി എന്നീ ഹദീസ് ഗ്രന്ഥങ്ങളാണ് മുഖ്യമായി അവലംബിച്ചിരിക്കുന്നത്.

ആത്മസംസ്കരണത്തിലൂടെ ദൈവസാമീപ്യം നേടുക എന്ന ലക്ഷ്യത്തോടെ വിരചിതമായ ഈ കൃതി ഓരോ വിശ്വാസിയും വീട്ടിൽ സൂക്ഷിക്കേണ്ടതാണ്. പണ്ഡിതന്മാർക്കും സാധാരണക്കാർക്കും ഒരുപോലെ പ്രയോജനപ്രദവും. സാധാരണക്കാർക്കിടയിൽ ഏറെ പ്രചാരം നേടിയ ഗ്രന്ഥവുമാണ്.

ഹദീസ് പണ്ഡിതനും 'ശാഫിഈ രണ്ടാമൻ' എന്ന പേരിൽ വിശ്രുതനുമായ ഇമാം നവവിയാണ് ഗ്രന്ഥകർത്താവ്. യഹ്‌യബ്നു ശറഫ് എന്നാണ് ശരിയായ നാമം. ദക്ഷിണ ദമസ്കസിൽനിന്ന് 75 കിലോമീറ്റർ അകലെയുള്ള ജന്മസ്ഥലമായ 'നവാ' എന്ന ഗ്രാമത്തിലേക്ക് ചേർത്താണ് 'നവവി' എന്ന നാമധേയം.

ഹിജ്റ 631/1233-ലാണ് ജനനം. മിൻഹാജുത്ത്വാലിബീൻ, ശർഹു മുസ്‌ലിം, ഇർശാദ്, ശർഹുൽ മുഹദ്ദബ്, അദ്കാർ, മിൻഹാജ്, മനാസിക്, തിബ്‌യാൻ എന്നിവയാണ് മറ്റു പ്രധാന കൃതികൾ. 45 കൊല്ലം മാത്രം ജീവിച്ച ഇമാം നവവി ഹി. 676/ക്രി.1277-ൽ മരണപ്പെട്ടു.

പല ഭാഷകളിലായി അനേകം വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും *രിയാദുസ്സ്വാലിഹീ*ന് ഉണ്ടായിട്ടുണ്ട്. ദലീലുസ്സ്വാലിഹീൻ എന്ന വ്യാഖ്യാനകൃതി പ്രസിദ്ധമാണ്. ഉർദുവിൽ മൗലാനാ അബുൽഹസൻ അലിനദ്‌വിയുടെ സഹോദരി അമതുല്ലാ തസ്നീം എഴുതിയ വ്യാഖ്യാനമാണ് 'സാദെ സഫർ'.